**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1290** **08-12-2022 - ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴക്കൂട്ടം മണ്ഡലത്തിൽ പൂർത്തീകരിച്ച പ്രവൃത്തികൾ വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴക്കൂട്ടം മണ്ഡലത്തിൽ നിരത്ത്, കെട്ടിടം വിഭാഗങ്ങൾക്കു കീഴിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നബാർഡ് ഫണ്ട് ഉപയോഗിച്ച് ഉത്തരവായതും പൂർത്തീകരിച്ചതുമായ ഗ്രാമീണ റോഡുകളുടെ പട്ടിക ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴക്കൂട്ടം മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല. |
| (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാനിൽ അവശേഷിക്കുന്ന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് ശ്രമിക്കുമോ; വിശദമാക്കുമോ; | (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാൻ ആധാരമാക്കി പ്രവൃത്തികൾ ഒന്നും തന്നെ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നിർവ്വഹിച്ചു വരുന്നില്ല |
| (ഡി) | തിരുവനന്തപുരം നഗര പരിധിയിലെ പ്രധാന റോഡുകൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി ആലോചനയിലുണ്ടോ എന്ന് വിശദമാക്കുമോ; | (ഡി) | തിരുവനന്തപുരം നഗര പാത വികസനത്തിന്റെ ഭാഗമായി കേരള റോഡ് ഫണ്ട് ബോർഡ് മുഖേന രണ്ടു മേൽപ്പാലങ്ങളും ഒരു അടിപ്പാതയും ഉൾപ്പെടുത്തി നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട 42.069 കി.മി. റോഡുകളുടെ വികസനമാണ് പദ്ധതിയിൽ നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതി പ്രകാരം റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയ ശേഷം 15 വർഷത്തെ പരിപാലന ചുമതലയും കൺസഷണർ കമ്പനി നടത്തേണ്ടതായി നിഷ്കർഷിച്ചിട്ടുണ്ട്. 2004-ൽ തെരഞ്ഞെടുക്കപ്പെട്ട കൺസഷണർ തിരുവനന്തപുരം റോഡ് ഡെവലപ്പ്മെന്റ് കമ്പനി ലിമിറ്റഡ് ആണ് പദ്ധതിയുടെ നിർമ്മാണവും ദീർഘകാല പരിപാലനവും നടത്തി വരുന്നത്.<br><br>റോഡുകളിൽ രൂപപ്പെടുന്ന ചെറുകുഴികളും, റോഡുകൾ പൊട്ടിപ്പൊളിയുന്നതും യഥാസമയം അടച്ച് ശരിയാക്കുക, റോഡിനിരുവശത്തുമുള്ള മഴവെള്ളം ഒലിച്ചുപോകുന്നതിനുള്ള ഓടകൾ |

| | | | |
|---|---|---|---|
| | | | വൃത്തിയാക്കുക, അടയാള ബോർഡുകൾ ശരിയായി സ്ഥാപിക്കുക, റോഡ് മാർക്കിംഗുകൾ, തെരുവു വിളക്കുകൾ എന്നിവ<br><br>യഥാസമയം പരിപാലിക്കുക, മരങ്ങളുടെ ചില്ലകൾ വെട്ടി ശരിയായ വിധം സംരക്ഷിക്കുക, പുൽത്തകിടികളുടെയും പൂമേട്ടുകളുടെയും പരിപാലനം, റോഡ് ഫർണിച്ചറുകളുടെ കേടുപാടുകൾ തീർക്കുക, കൂടാതെ റോഡ് പ്രതലത്തിൽ വർഷത്തിൽ രണ്ട് പ്രാവശ്യം ബംബ് ടെസ്റ്റ് നടത്തി ആയതിന്റെ റിസൾട്ട് അനുവദനീയമായ ലെവൽ കടന്നതാകയാൽ വേണ്ട ടാർ പണികൾ നടത്തി പ്രതലം പുതുക്കുക എന്നിവയാണ് വികസനം പൂർത്തിയാക്കിയ ശേഷം 15 വർഷത്തേക്ക് പദ്ധതിയുടെ കൺസഷണറിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ. |
| (ഇ) | റോഡുകൾ ബി.എം.& ബി.സി നിലവാരത്തിൽ ടാറിംഗ് നടത്തുന്നതിന് അനുബന്ധമായി കുടിവെള്ള വിതരണ ലൈനുകൾ റോഡിനിരുവശത്തുമായി സ്ഥാപിക്കുന്നതിന് കൂടി പരിഗണന നൽകുമോ എന്ന് വിശദമാക്കുമോ; | (ഇ) | ദേശീയപാത വിഭാഗത്തിനു കീഴിൽ വരുന്ന റോഡുകൾ എല്ലാം തന്നെ ബി.എം & ബി.സി നിലവാരത്തിലുള്ളവയാണ്.<br><br>കെ.ആർ.എഫ്.ബി വിഭാഗത്തിനു കീഴിൽ സ്മാർട്ട് സിറ്റി പദ്ധതിയുടെ വിശദമായ രൂപരേഖ പ്രകാരം വ്യത്യസ്ത യൂട്ടിലിറ്റികളിലൊന്നായ വാട്ടർ ലൈൻ റോഡിന്റെ ഇരുവശങ്ങളിലേക്കും വരുന്ന രീതിയിലാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. കൂടാതെ ഇലക്ട്രിസിറ്റി ലൈൻ റോഡിന്റെ ഇരുവശത്തേക്കായി യൂട്ടിലിറ്റി ഡക്റ്റ് നിർമ്മിച്ച് ആയതിലൂടെ കടത്തി വിടാനാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.<br><br>കെ.എസ്.റ്റി.പി പ്രവൃത്തികളിൽ ടാറിംഗിന് അനുബന്ധമായി കുടിവെള്ള വിതരണ പൈപ്പ് ലൈനുകൾ റോഡിനിരുവശത്തുമായി മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.റ്റി.പി ഫണ്ട് ഉപയോഗിച്ച് ടി പ്രവൃത്തികളുടെ കരാറുകാരെക്കൊണ്ട് പൈപ്പ് ലൈൻ മാറ്റുന്ന പ്രവൃത്തികൾ നടപ്പാക്കുന്നു. |
| (എഫ്) | സി.എം.ഡി.ആർ.എഫ്. ഉപയോഗിച്ച് നടത്തുന്ന റോഡ് നവീകരണം പൊതുമരാമത്ത് വകുപ്പ് വഴി നിർവ്വഹിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ; | (എഫ്) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ജി) | ദേശീയ ഗെയിംസിനോട് അനുബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് നവീകരിച്ച നഗരസഭ റോഡുകൾ നവീകരിക്കുന്നതിന് നടപടികൾ | (ജി) | ദേശീയ ഗെയിംസിനോടനുബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് നവീകരിച്ച നഗരസഭാ റോഡുകൾ നവീകരിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ; സാധനങ്ങളുടെ വിലയിലുണ്ടായ അമിത വർദ്ധനവ് നിമിത്തം പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും, മുടങ്ങിക്കിടക്കുന്നതുമായ കരാറുകൾക്ക് ആശ്വാസം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | | പദ്ധതികളൊന്നും തന്നെ നിലവിലില്ല. സാധനങ്ങളുടെ വിലയിലുണ്ടാകുന്ന അമിത വർദ്ധനവിന് പരിഹാരമായി ഇ-ടെണ്ടർ വഴി പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ കരാറുകാർക്ക് ചെയ്യാൻ കഴിയുന്ന നിരക്കിൽ ഓരോ ഇനത്തിലും പ്രത്യേക തുക ക്വാട്ട് ചെയ്യുന്നതിനുള്ള അവസരം നിലവിലുണ്ട്. അത് മൊത്തം അടങ്കൽ തുകയുടെ 10 ശതമാനം വരെ അധികരിച്ച് അനുവദിക്കുന്നതാണ്. ബിറ്റുമിന്റെ വില വർദ്ധനവ് കാരണം മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾക്ക് ബിറ്റുമിന്റെ കോസ്റ്റ് ഡിഫറൻസ് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം    നിരത്ത് വിഭാഗം

1/3

Work Completed During this Govt.

| No | Name of work | Name of Road | Amount In Lakhs |
|---|---|---|---|
| 1 | Construction of drain and allied works of Chempazhanthy - Muttiyad lane & Gandhipuram Chempazhanthi road | chempzhanthy -Muttiyad lane & Gandhipuram-Chempazhanthy lane | 25.00 |
| 2 | Urgent patch repairs by providing 20mm cc and allied works to Karyavattom - Chenkottukonam road between km 0/000 and 2/600 | Karyavattom-Chenkottukonam | 10.00 |
| 3 | Rectification of drain and providing covering slabs between ch 2/800 and 3/200 RT Sreekaryam-Pothencode road | Sreekaryam-Pothencode | 20.00 |
| 4 | Rectification of drain and providing covering slabs between ch 3/200 and 4/000(RT &LS) Sreekaryam-Pothencode road | Sreekaryam-Pothencode | 23.00 |
| 5 | Urgent rectification and extension of drain Sreekaryam-Pothencode 2/100 to 2/420 | Sreekaryam-Pothencode | 25.00 |
| 6 | Restoration works to Veli - Kadinamkulam road between c 4/500 and 6/000 | JNNURM- Veli-Kadinamkulam | 47.13 |
| 7 | Providing BC overlay and allied works Providing BC overlay and allied works to Sreekariyam - Kazhakuttom via Kulathur rod by providing 40mm BC | Sreekaryam-Kulathoor-Kazhakuttom road | 245.00 |
| 8 | Rectification and extension of drain between ch 1/100 and 1/350 in Sreekariyam Kulathur road | Sreekaryam-Kulathoor road | 15.00 |
| 10 | Rectification of drain and providing covering slabs between ch 4/000 and 4/200(RT &LS) Sreekaryam-Pothencode road | Sreekaryam-Pothencode | 8.00 |
| 11 | FDR- Reconstruction of damaged Retaining wall in Vetturoad - Kattayikonam road between CH:0/250 and 0/400-Work-General Civil work | Vetturoad - Kattayikkonam | 50.00 |
| 12 | Construction of drain in Kariyam-Pothencode road between CH: 5/000 and 5/350 for avoiding water stagnation | Kariyam - Pothecode | 25.00 |

2/3

| | | | |
|---|---|---|---|
| 13 | Construction of drain in Sreekaryam-Pothencode road between Ch: 1/700 a d 2/000 for avoiding water stagnation | Sreekaryam-Pothencode | 25.00 |
| 14 | GENERAL-FDR 2019-20 under kazhakuttom LAC-Urgent repair by Providing BC overlay and allied works in Sreekariyam - Akkulam Road-WORK-General Civil Work | Sreekariyam - Akkulam Road- | 115.00 |
| 15 | DEPOSIT-Restoration-AMRUT project restoration work in Ulloor Akkulam raod ch 1/00 to 1/900- | Ulloor Akkulam | 111.90 |
| 16 | Construction of Drain, Bus waiting shelter and allied works at Nalanchira Thattinakam in Pananvila - Parottukonam- kariyam Road Ch 1/500 | Nalanchira Thattinakam in Pananvila - Parottukonam-kariyam Road Ch 1/500 | 10.00 |
| 17 | Improvement to Pongumoodu - Prasanth Nagar by providing BM & BC 0/000 to 2/000 | Pongumoodu -Prasanth Nagar | 200.00 |
| 18 | Improvement to Pongumoodu - Bapuji Nagar by providing BM & BC 0/000 to 2/000 | Pongumoodu -Bapuji Nagar | 200.00 |
| 19 | Construction ofcross drain at Kariyam-Parottukonam Ch.1/900 | Kariyam-Parottukonam Ch.1/900 | 15.00 |

കെട്ടിട വിഭാഗം



| ക്രമ നം. | പ്രവർത്തിയുടെ പേര് | ഭരണാനുമതി |
|---|---|---|
| 1 | Providing new PUF sheet roofing to LAB portions after removing the old and damaged asbestos cement sheet at Kerala Highway Research Institute (KHRI) | 53.1 ലക്ഷം |
| 2 | Government ITI (Women), Kazhakoottam - Construction of compound wall at the rear side of canteen - General Civil Work | 5.00 ലക്ഷം |
| 3 | Construction of a new septic tank at the rear side of Block -2 building at Government ITI Woman, Kazhakoottam - Work - General Civil Work | 6.95 ലക്ഷം |
| 4 | Modernization of Meter Testing and Standards Laboratory near College Modernization of Meter Testing and Standards Laboratory near College | 30 ലക്ഷം |
| 5 | Setting up of MEP Office in KHRI Building (at 4th Floor) | 13.70 ലക്ഷം |
| 6 | Government College Karyavattom - Construction of branch roads inside the campus of Government College Karyavattom | 25 ലക്ഷം |
| 7 | Government Technical High School - Sreekaryam - Construction of compound wall | 53.30 ലക്ഷം |
| 8 | Government College Karyavattom - Interior Wooden paneling works of Principal room and painting works to seminar hall of the Newly constructed Administrative Block | 10 ലക്ഷം |
| 9 | Government College Karyavattom - Providing curtain for the stage, backdrop, green room, name board etc. for the seminar hall of new Administrative Block | 3.55 ലക്ഷം |
| 10 | Construction of toilets in Guest Room and clearing the water stagnation bathroom (Gents & Ladies) in KHRI Building generator | 5.07 ലക്ഷം |
| 11 | KHRI, Karyavattom - Construction of semi-permanent shed for Diesel generator | 3.49 ലക്ഷം |
| 12 | Providing and fixing name board in the main gate with ACP arch and 3D letters at Kerala Highway Research Institute, Karyavattom (KHRI) | 2.281 ലക്ഷം |
| 13 | H&FWD - Construction of seven storied building for Ladies Hostel for Pharmacy, Dental and Para Medical students at Government Medical College, Thiruvananthapuram - Phase II & III (Combined) | 10 കോടി |
| 14 | College of Engineering, Construction for building for Geo-Technical Research and Testing Centre (GRTC) at CET, Phase I | 7 കോടി |
| 15 | PWD - College of Engineering, Thiruvananthapuram - Construction of building for Industrial and Production Engineering Block - Phase I - Balanced work (Basement floor - Ground floor and first floor) | 12 കോടി |